6

# യേശു: സ്വർഗ്ഗത്തിൽ ജീവിക്കുന്നു (ശൗലിന്റെ/പൗലൊസിന്റെ സാക്ഷ്യം)

പതിനൊന്നു അപ്പൊസ്തലന്മാരെ വ്യക്തിപരമായി ഉയിർത്തെഴുന്നേറ്റ യേശു അവരുടെ "അവിശ്വാസവും ഹൃദയകാഠിന്യവും നിമിത്തം" ശാസിക്കയുണ്ടായി (മർക്കൊസ് 16:14), എന്നാൽ അവർക്കു പെട്ടെന്നു മാറ്റമുണ്ടായി. യേശുവിന്റെ മൃതശരീരം നടക്കുന്നതും സംസാരിക്കുന്നതും - ജീവനുള്ളവനായിതന്നെ അവർ കണ്ടു - അങ്ങനെ അവരുടെ ആ പുതിയ വിശ്വാസത്തിനു വേണ്ടി അവർ രക്തസാക്ഷികളായി.

ഒരിക്കൽ ക്രിസ്തുവിന്റെ നാമം ധരിച്ചവർക്കു നേരെ മൃഗീയമായ ഭീഷണിയും കുലയും നിശ്വസിച്ചു വന്നവൻ (പ്രവൃത്തികൾ 8:1; 9:1, 2; 22:4, 5; 26:9-11), "അകാല പ്രജ" ആയി. യേശു ഉയിർത്തെഴുന്നേറ്റു (1 കൊരിന്ത്യർ 15:8) നാല്പതു ദിവസം ഭൂമിയിൽ പ്രത്യക്ഷനായപ്പോൾ ശൗൽ അവനെ കണ്ടിരുന്നില്ല, ഒരു മൃത ശരീരം ജീവനുള്ളതായി തീർന്നതുപോലെ അവന്റെ സംഭവ വിവരണം അവിശ്വസനീയമായി തോന്നി. നട്ടുച്ചക്കു സൂര്യൻ ഇരുണ്ടു പോകയും യേശു അവനോടു സംസാരിക്കുന്നതും കേട്ടുകൊണ്ട് അവൻ യേശുവിനെ കണ്ടതായി അവകാശപ്പെട്ടു (പ്രവൃത്തികൾ 9:3-6; 22:6-11; 26:13-18).

പൗലൊസ് വാസ്തവത്തിൽ യേശുവിനെ കാണുകയും അവൻ സംസാരിക്കുന്നതു, കേൾക്കുകയും ചെയ്തു എങ്കിൽ യേശു മരിച്ചവനായി ഇരിക്കുന്നില്ല: അവൻ കല്ലറയിൽ നിന്നു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു പോയി, ആ സ്വർഗ്ഗീയ ദർശനം ഒരു മൃതശരീരം ജീവനുള്ളവനായി തീരുന്നതുപോലെ വിചിത്രവും യുക്തിവിരുദ്ധവുമായി തോന്നിയേക്കാം പൗലൊസിന്റെ അവകാശത്തിനു എന്തെങ്കിലും വിലയുണ്ടോ?

**ഒരു മായാ ദൃശ്യം?**

പൗലൊസ് ഒരു മായാ ദൃശ്യത്തിനു ഇരയായതാണോ? പൗലൊസ്

എത്ര വിപ്ലവകാരിയും ശക്തമായ - മനസ്സുള്ളവനും എന്ന് തിരച്ചറിയുന്നതുവരെ സത്യസന്ധമെന്നു തോന്നിയേക്കാം, മനശാസ്ത്രജ്ഞർ പറയുന്നതു മായാദൃശ്യം ഉണ്ടാകുന്നതു സാധാരണ നിർദ്ദേശങ്ങളുടെ പ്രേരണയാലാണ് എന്നത്രെ. ഈ സംഭവത്തിൽ, എങ്ങനെയായാലും, പൗലൊസിന്റെ മനസ്സിൽ എന്തെങ്കിലും നിർദ്ദേശം കൊടുത്താൽ അതു യേശുവിനെ കാണുന്നതിനു വിപരീതമേ ആകയുള്ളു. യേശു എന്ന നാമം പോലും അവൻ വെറുത്തിരുന്നു, യേശു ഒരു കപടവേഷ ധാരിയാണെന്നാണ് അവൻ കരുതിയത്, അവന്റെ അനുയായികളെ കൂടുതൽ പേരെ പിടിച്ചു കെട്ടുവാനും, തടവിലാക്കുവാനും, കൊല്ലുവാനുമാണ് അവൻ യാത്ര ചെയ്തതു. ഇല്ല, മനശാസ്ത്രപരമായി പൗലൊസിന്റെ ദിശ നോക്കിയാൽ അവൻ ഒരിക്കലും യേശുവിനെ കാണുകയില്ല. വിശ്വാസം - ജനിപ്പിക്കുന്ന അനുഭവം എന്ന ആശയം പൗലൊസിന്റെ കാര്യത്തിൽ അർത്ഥവത്തല്ല.

**മാനസിക ക്രമം തെറ്റലോ?**

മാനസിക മതിവിഭ്രമോ അല്ലെങ്കിൽ നിർദ്ദേശ ശക്തിയോ പൗലൊസിന്റെ ദമസ്ക്കൊസ് റോഡിലെ അനുഭവം വിവരിക്കുന്നതല്ല, അവന്റെ പഠനം മനസ്സിനെ അവതാളത്തിലാക്കിയോ? അതു ഫെസ്തൊസിന്റെ വിലയിരുത്തലായിരുന്നു (പ്രവൃത്തികൾ 26:24), താളം തെറ്റിയ മനസ്സുള്ള ഒരാൾ ലോകത്തിൽ വെച്ചു ഏറ്റവും വലിയ പതിമൂന്നു പതിനാലു പുസ്തകങ്ങൾ എഴുതി എന്നു മനസ്സിനു കുഴപ്പമില്ലാത്തവർക്കു പറയാൻ കഴിയുകയില്ല! മനസിനു കുഴപ്പം പിടിച്ചവർ ആളുകളെ നന്നാക്കുവാൻ യേശുവിന് ഒഴിച്ചു മറ്റാർക്കെങ്കിലും കഴിഞ്ഞു എന്നതു കേട്ടു - കേൾവിയില്ലാത്ത കാര്യമാണ്. ഫെസ്തൊസ് ശരിയായിരുന്നെങ്കിൽ, നമുക്കു കൂടുതൽ ഭ്രാന്തന്മാരാണ് ആവശ്യം! പബ്ലിക് റോഡിൽ നട്ടുച്ചക്കു കണ്ട ദർശനം, അലഞ്ഞു തിരിഞ്ഞു നടക്കുന്ന മനസ്സുള്ളവൻ എന്ന് പൗലൊസിന്റെ കാര്യത്തിൽ സാധൂകരിക്കാവുന്നതെന്നു തോന്നുന്നില്ല.

**ഒരു ക്രിസ്തീയ വഞ്ചന?**

പൗലൊസ് കണ്ടതു മായാദൃശ്യമോ, ഭ്രാന്തോ, വിവേചിച്ച്, പിന്നെ എന്താണ് അതിന്റെ കാര്യകാരണം? ക്രിസ്ത്യാനികൾക്കെതിരെ അതൊരു അപഖ്യാതിയാണെന്നു പറഞ്ഞാൽ, അവർ വഞ്ചിക്കുന്നവരായിരുന്നില്ല. സത്യത്തിന്റെ മൂർത്തീകരണമായവനെ പിൻപറ്റുക മാത്രമായിരുന്നു അവർ ചെയ്തത് (യോഹന്നാൻ 14:6).

അതിൽ കൂടുതലായി, ഏതെങ്കിലും ഒരു ക്രിസ്ത്യാനി പൗലൊസിനെ വഴിതെറ്റിക്കാവുന്ന മനസ്സുമായിരുന്നില്ല പൗലൊസിന്റേത്. സ്തെഫൊനൊസിനെ കല്ലെറിഞ്ഞവരുടെ വസ്ത്രം പിടിച്ചവനായിരുന്നു അവൻ, മറ്റു പലരെയും കൊല്ലുവാൻ കൂട്ടുനിന്നതായി സാക്ഷ്യം പറഞ്ഞിരിക്കുന്നു. അതിനു പുറമെ, ആ അപരിചിത സംഭവം നടക്കുമ്പോൾ അവനോടു കൂടെ ഒരു ക്രിസ്ത്യാനി പോലും ഉണ്ടായിരുന്നില്ല.

**മന:പ്പൂർവ്വമായ തെറ്റോ?**

സ്വർഗ്ഗീയ ദർശനം പൗലൊസ് കെട്ടിച്ചമച്ചതായിരുന്നോ? ഒരാൾ പെട്ടെന്നു പിൻമാറുന്നതു തെറ്റായ കാര്യത്തിനാണെന്നു പറയുമ്പോൾ ഭോഷ്ക്ക് പറയുന്നതിനാൽ അവനു നഷ്ടമാകുന്നതു: (1) അവന്റെ ലക്ഷ്യങ്ങൾ നഷ്ടമാകുന്നു. ക്രിസ്ത്യാനിയാവുന്നതിനു മുൻപു, അവൻ യിസ്രായേലിലെ ഒരു പ്രമുഖ റബ്ബിയാകുവാൻ ശ്രമിച്ചു, അവന്റെ അദ്ധ്യാപകനോടു ചോദിച്ചറിയാമായിരുന്നു. ക്രിസ്ത്യാനിയായി തീർന്നതു കൊണ്ട്, ആ അവസരം അവനു നഷ്ടമായി. (2) തന്റെ ബന്ധുക്കളോടും ചാർച്ചക്കാരോടും ഉളള, അഗാധമായ സ്നേഹവും കൂട്ടായ്മയും, അവർ കർശനമായും ഒഴിവാക്കി (റോമർ 9:1–3; 10:1, 2 നോക്കുക). (3) അവന്റെ സുഖകരമായ ജീവിതം പോയി, കാരണം, ഉപദ്രവകാരി, അവസാനം രക്തസാക്ഷിയാവുന്നതുവരെ ഉപദ്രവിക്കപ്പെട്ടുകൊണ്ടിരുന്നു.[1] അല്ല, ദമസ്ക്കൊസ് വഴിയിലെ സംഭവം വ്യാജം എന്നു വിശദീകരിക്കുന്നതു തൃപ്തികരമാകുന്നില്ല.

**ക്രിസ്തുവിനെ അഭിമുഖീകരിച്ചവനോ?**

മുകളിൽ പറഞ്ഞ നാലു വഴികളിൽ അല്ലാതെ മറ്റു വഴികൾ അവലംബിക്കുന്നവരുമുണ്ട്, എന്തു സംഭവിച്ചു എന്നു പൗലൊസ് പറഞ്ഞതാണ് സത്യം എന്നതിൽ അവർ വഴിമുട്ടുന്നു. സർ, ജോർജ് ലിറ്റൽട്ടൺ (1709–73). ആദ്യം വിചാരിച്ചതു പൗലൊസിന്റെ സാക്ഷ്യം ഒരു വിഡ്ഢിത്ത കഥയാണെന്നാണ് അവൻ എഴുതി,

> [അപ്പൊസ്തലനായ പൗലൊസ്] ഒന്നുകിൽ മറ്റുള്ളവരെ വഞ്ചിക്കാനുദ്ദേശിച്ചു അവനറിയാവുന്നതു വ്യാജമായി പറഞ്ഞു, അല്ലെങ്കിൽ സങ്കല്പത്തിന്റെ ആധിക്യത്താൽ, പ്രകടമാക്കിയ പ്രതിഭാസം, അതല്ലെങ്കിൽ; മറ്റുള്ളവരുടെ വ്യാജത്താൽ അവൻ വഞ്ചിതനായി, ആ വഞ്ചനയുടെ ശക്തിക്കു കീഴ്പ്പെട്ട് പറയുകയോ; അല്ലെങ്കിൽ അവൻ പരിവർത്തനം ചെയ്തതിന്റെ കാരണമായി, സംഭവിച്ചതാകാം അപ്പോൾ നടന്നതെല്ലാം യഥാർത്ഥത്തിൽ സംഭവിച്ചതാകാം; അതുകൊണ്ടു ക്രിസ്തീയ മതം ദൈവികമായ വെളിപ്പെടുത്തലാണ്.[2]

പൗലൊസിന്റെ ജീവിതവും വാക്കുകളും എല്ലാരീതിയിലും പരിശോധിച്ചു, എല്ലാ വിശദീകരണവും നോക്കി ക്ഷീണിച്ചു കഴിഞ്ഞപ്പോൾ പൗലൊസ് പറഞ്ഞതു സത്യമായിരുന്നു എന്നു ലിറ്റെൽടൺ തീർപ്പാക്കി.

**ഉപസംഹാരം**

ഭൂമിയിലേക്കു വരുവാനിരുന്ന മശിഹയെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും അറിയുവാൻ പഴയ നിയമപ്രവാചകൻമാർക്ക് അത്ഭുതകരമായ ജ്ഞാനം ആവശ്യമായിരുന്നു. അവന്റെ വരവിനു നൂറുകണക്കിനു വർഷങ്ങൾക്കു മുൻപു അവരുടെ പ്രവചനങ്ങൾ എല്ലാം എഴുതിയിരുന്നു.

അഗസ്തൊസ് കൈസരുടെ കാലത്ത് (ബി.സി. 31 – എ.ഡി. 14) യഹൂ

ദ്യയിലെ ബേത്ലഹേമിൽ മശിഹ എന്നവകാശപ്പെട്ട് ഒരാൾ ജനിച്ചിരുന്നു, പൊന്തിയൊസ് പിലാത്തൊസിന്റെ നാടു വാഴ്ച്ചാ സമയത്ത് അവനെ ക്രൂശിൽ തറച്ചതായി അവൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു.

അവന്റെ അവകാശവാദങ്ങൾ വിശ്വസിക്കുന്നതിനു തെളിയിക്കുന്നതായിരുന്നു അവന്റെ അത്ഭുതങ്ങൾ, അവന്റ സത്യസന്ധത പരിശോധിക്കാവുന്ന ജീവിത രീതിയായിരുന്നു അവന്റേത്. അവർ താഴ്മ ധരിക്കയും, മറ്റുള്ളവർക്കായി നിസ്വാർത്ഥ ജീവിതം വ്യക്തിപരമായ രക്ഷപ്പെടുവാനുള്ള ആഗ്രഹമില്ലാതെ, പിതാവിന്റെ ഇഷ്ടം ചെയ്തു വന്നു. അവന്റെ സ്വഭാവം, ദൈവത്വത്തെ മനുഷ്യർക്കു കാണാവുന്നതും, ദൈവത്തിൽ നിന്നു പ്രതീക്ഷിക്കാവുന്നതും അവനിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു.

ചില അവിശ്വാസികളുടെ മനസ്സിനെ, മരണത്തിനു തന്റെ മേൽ ശക്തി ചെലുത്തുവാനാവാത്ത വിധം, ക്രൂശിക്കപ്പെട്ട യേശു ജീവിതത്തിലേക്കു മടങ്ങിവന്നതു തീർച്ചയായും ഉറപ്പിച്ചു. ആ ഉറപ്പു അവരിൽ പെട്ടെന്നുണ്ടാവുകയും ആഴത്തിലും അർത്ഥവത്തിലുമായി അവർ ആ മഹത്വകരമായ തീർച്ചയുള്ളതു അവർ പ്രസംഗിക്കാൻ തുടങ്ങി. "സുവാർത്ത" എന്ന സുവിശേഷം – ആയിരുന്നു അവർ പ്രസംഗിച്ചത്, ദൈവം വന്നു ജഡത്തിൽ മനുഷ്യർക്കിടയിൽ ജീവിച്ചു എന്നു അവരുടെ വിശ്വാസം ആയിരക്കണക്കിനു ആളുകളെ സ്വാധീനിച്ചു ആ വിശ്വാസം സ്വീകരിക്കുമാറാക്കി.

---

കുറിപ്പുകൾ

[1]വായിക്കുക പ്രവൃത്തികൾ 9:23, 29; 14:19; 16:23; 21:13, 30; 23:13; 2 തിമൊഥെയൊസ് 4:7, 8. [2]*ലോഡ് ലിറ്റെൽട്ടൺ ഇൻ ദ കൺവെർഷൻ ഓഫ് സെന്റ് പോൾ ആന്റ് ജിൽബെർട്ട് വെസ്റ്റ് ഓൺ ദ റിസറക്ഷൻ ഓഫ് ജീസസ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: അമേരിക്കൻ ട്രാക്റ്റ് സ്വസൈറ്റി, 1929), 468.

---

## യേശുവിന്റെ ദൈവികത്വവും ബൈബിൾ ശ്വാസിയതയും

തെളിവുകൾ യേശുവിന്റെ ദൈവികത്വത്തെ സാധൂകരിക്കുന്നു എങ്കിൽ, പിന്നെ സ്വാഭാവികമായും ബൈബിൾ ദൈവികമെന്നു സ്ഥിരീകരിക്കും. ഇതു സത്യമാണ് കാരണം യേശു പഴയ നിയമത്തെ ദൃഢീകരിക്കയും, അവന്റെ ശിഷ്യന്മാർ അവന്റെ അധികാരത്താൽ പുതിയ നിയമം എഴുതുകയും ചെയ്തു. അവരുടെ വാക്കുകൾ അവിശ്വസനീയമെങ്കിൽ, പിന്നെ യേശുവിന്റെ കഥക്കു പ്രസക്തിയില്ല. എങ്ങനെയായാലും, യേശുവിന്റെ കഥ ഈ മനുഷ്യർ കണ്ടുപിടിച്ചതല്ലെങ്കിൽ, അവർ അത്തരത്തിൽ കഥ കെട്ടിച്ചമക്കാവുന്ന ആളുകൾ അല്ലെങ്കിൽ, യേശുവിന്റെ കഥ നില നില്ക്കത്തക്കതാണ്. യേശുവിന്റെ ദൈവികത്വം നിലനില്ക്കുന്നതാണെങ്കിൽ, അവന്റെ അധികാരത്താൽ എഴുതപ്പെട്ട പുതിയ നിയമ പുസ്തകങ്ങൾ ദൈവശ്വാസീയമത്രെ.

© 2009 Truth for Today